**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028** **21-06-2024 - ൽ മറുപടിയ്ക്ക്**

**പെരിയാറിലെ മാലിന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പെരിയാറിലെ ജലം മലിനമാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് 2018 ൽ നടത്തിയ മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ കേരളത്തിലെ 21 നദീഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. അതിൽ പെരിയാറിന്റെ ആലുവ-ഏലൂർ മുതൽ കളമശ്ശേരി വരെയുള്ള ഭാഗവും ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യ മുക്തമാക്കുന്നതിനും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കും വിധം ഉണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കാൻ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ 20.09.2018–ലെ OA No. 673/2018 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. കർമ്മ പദ്ധതി തയ്യാറാക്കാനായി DLTC രൂപീകരിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്തു.<br><br>പെരിയാറിലെ നദീഭാഗങ്ങൾ മലിനീകരിക്കപ്പെടാൻ ഇടയാകുന്ന സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. നദീതടത്തിലെ പ്രധാനമായും നഗര പ്രദേശങ്ങളിൽ നിന്നും ജൈവ അജൈവ മാലിന്യങ്ങൾ നദിയിലേയ്ക്ക് എത്തിച്ചേരുന്നത്<br><br>2. വ്യവസായങ്ങൾ/സ്ഥാപനങ്ങൾ/ വാണിജ്യസമുച്ചയങ്ങൾ/ഫ്ലാറ്റുകൾ/ഹോട്ടലുകൾ തുടങ്ങിയവയിൽ നിന്നുള്ള മലിന ജലം നദിയിലേക്കു എത്തിചേരുന്നത്.<br><br>3. പുഴയിലേക്ക് മാലിന്യം തള്ളുന്നത്.<br><br>4. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്ന കൃഷിസ്ഥലങ്ങളിൽ നിന്നുള്ള Surface runoff നദിയിലേക്ക് എത്തിച്ചേരുന്നത്. |

| | | | |
|---|---|---|---|
| | | | 5. എക്കൽ മണ്ണു കൊണ്ടു മൂടുന്നത്<br><br>6. നദീ തീരത്തെ കളകളും പുല്ലുകളും അഴുകുന്നത് മൂലം ഇടമുളയിൽ പെരിയാറുമായി ചേരുന്ന തുമ്പുങ്കൽ തോട് ഉയർന്ന ഓർഗാനിക്ക് ലോഡിംഗ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ